"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി. ഷബിന ബി മുതൽപേർ ഫയൽ ചെയ്ത OA 1733/2021 നമ്പർ കേസിന്മേലുള്ള 12.09.2024ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1722/2025/LSGD തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. ശ്രീമതി. ഷബിന ബി, ശ്രീ. മനോജ് ആർ.എസ്, ശ്രീ. റെനിൽ റോക്കി, ശ്രീ. ഷിഞ്ചു കുര്യൻ, ശ്രീ. റഷീദ് വി.പി എന്നിവർ സർക്കാരിൽ സമർപ്പിച്ച 11.09.2021ലെ നിവേദനം.
2. OA 1733/2021 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.09.2024ലെ വിധിന്യായം.
3. ഹിയറിംഗ് നോട്ടീസ് നം. LSGD-ERA2/205/2021-LSGD തീയതി 28.12.2024, 01.01.2025.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.01.2025 ലെ LSGD/PD/42378/2024-LL1നമ്പർ കത്ത്.
5. ശ്രീമതി. ഷബിന ബി, ശ്രീ. മനോജ് ആർ.എസ്, ശ്രീ. ഷിഞ്ചു കുര്യൻ, ശ്രീ. റഷീദ് വി.പി എന്നിവർ സർക്കാരിൽ സമർപ്പിച്ച 18.01.2025 ലെ നിവേദനം.

**ഉത്തരവ്**

നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിലെ ലക്ചറർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ഷബിന ബി യും മറ്റുള്ളവരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 1733/2021 ഫയൽ ചെയ്തിരുന്നു. പ്രസ്തുത OA യിന്മേലുള്ള പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവ് ചുവടെ ചേർക്കും പ്രകാരമാണ്.

"It is pointed out by the learned Government Pleader that many subsequent developments occurred after the filing of the Original Application in 2021.

We find that it will be in the interest of justice to direct the first respondent to consider and pass orders on Annexure AI4 representation. It is made clear that Annexure A14 shall be considered and disposed of after hearing the applicants, within a period of 4 months from the date of receipt of a copy of the order. It will be open to the applicants to submit additional representation before the 1st respondent. Copy of the Original Application shall also be served by the applicants at the time of hearing.

The Original Application is disposed of with the above directions."

കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

Annexure A14 അപേക്ഷയിൽ രണ്ടു വിഷയങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഇതിൽ ആദ്യത്തേത് KILA യുടെ കീഴിലുള്ള എക്സ്റ്റൻഷൻ ട്രെയിനിങ് സെന്ററുകളിലെ ലക്ചർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ചാണ്. KILA യുടെ കീഴിലുള്ള എക്സ്റ്റൻഷൻ ട്രെയിനിങ് സെന്ററുകളിൽ നിയമിക്കുന്ന ETC ലക്ചറർ ഗ്രേഡ് II തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ബിരുദാനന്തര ബിരുദവും, എന്നാൽ ETC ലക്ചറർ ഗ്രേഡ് I ന്റെ വിദ്യാഭ്യാസ യോഗ്യത ബിരുദവുമാണെന്നും, ടി അപാകത പരിഹരിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. അപേക്ഷയിലെ രണ്ടാമത്തെ വിഷയം മുൻ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ഉണ്ടായിരുന്ന ETC ലക്ചറർ തസ്തികയിലെ ജീവനക്കാരെ അവരുടെ സമ്മതം കൂടാതെ KILA യുടെ കീഴിലാക്കി എന്നത് സംബന്ധിച്ചാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി 17.7.2020 ലെ സ.ഉ(കൈ) നം. 106/2020/തസ്വഭവ ഉത്തരവ് പ്രകാരമാണ് മുൻ ഗ്രാമവികസന വകുപ്പിന് കീഴിൽ ഉണ്ടായിരുന്ന ജീവനക്കാരെ KILA ഡയറക്ടറുടെ കീഴിലേക്ക് മാറ്റിയത്. എന്നാൽ KILA പോലുള്ള ഒരു പൊതുമേഖല സ്ഥാപനത്തിലേക്ക് തങ്ങളെ മാറ്റുന്നതിന് മുമ്പ് തങ്ങളുടെ ഓപ്ഷൻ ചോദിച്ചിട്ടുണ്ടായിരുന്നില്ലെന്നും തങ്ങളെ നിയമിക്കും മുമ്പ് സമ്മതം ചോദിക്കുകയോ സമാന സ്കെയിലിലുള്ള റൂറൽ വകുപ്പിലെ ഏതെങ്കിലും തസ്തികയിൽ നിയമിക്കുകയോ ചെയ്തില്ലെന്നും അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്.

തങ്ങളെ LSGD യിൽ തുടരുന്നതിന് ഓപ്ഷൻ നൽകാൻ അനുവദിക്കണമെന്നും, ഏകീകൃത പൊതുസർവീസിൽ തങ്ങളെ നിലനിർത്തണമെന്നും, അല്ലാത്തപക്ഷം BDO മാരെയും നിലവിലെ സെക്രട്ടറിമാരെയും ETC യിൽ lecturer മാരായി നിയമിക്കുന്ന സാഹചര്യത്തിൽ BDO തസ്തികയിലേക്ക് ഇന്റർ ട്രാൻസ്ഫറബിലിറ്റി അനുവദിക്കണമെന്നും, നിലവിലെ ലക്ചറർമാരിൽ നിന്നും പ്രിൻസിപ്പൽ തസ്തികകളിലേക്ക് പ്രമോഷൻ അനുവദിക്കണമെന്നും പരാതിക്കാർ ഹിയറിംഗ് വേളയിൽ ആവശ്യപ്പെട്ടു. ലക്ചറർ തസ്തികയിൽ 14 പേരാണ് അവശേഷിക്കുന്നതെന്നും 17-1-1967ലെ GO(P) No. 7 ഉത്തരവ് പ്രകാരം BDO യുടെ ബൈ ട്രാൻസ്ഫർ നിയമന രീതിയിൽ ഫീഡർ കാറ്റഗറിയിൽ ഇടിസി ലക്ചറർമാരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. കൂടാതെ മൂന്ന് ETC കളിലെയും നിലവിലുള്ള തസ്തികകളുടെ കണക്കെടുത്ത് ഓരോ കേന്ദ്രത്തിലെയും തസ്തികകളുടെ കേഡർ സ്ട്രെങ്ങ്ത് ക്രമീകരിച്ച് ഉത്തരവാകണമെന്നും അഭ്യർത്ഥിച്ചു. അഞ്ചു വകുപ്പുകൾ ഏകീകരിച്ചപ്പോൾ ഗ്രാമ വികസന വകുപ്പിലെ lecturer തസ്തിക മാത്രമാണ് ഏകീകൃത വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടാതെ പോയത്. ഏകീകൃത പൊതു സർവീസിൽ ഇ.ടി.സിയിലെ ഓഫീസ് അറ്റൻഡ്, ആയ, തുടങ്ങി പ്രിൻസിപ്പൽമാർ വരെ ഉൾപ്പെട്ടെങ്കിലും lecturer മാർ മാത്രം ഉൾപ്പെടാത്തതു വിവേചനമാണെന്നും കരട് ഏകീകൃത വിശേഷാൾ ചട്ടത്തിൽ ഉൾപ്പെട്ടിരുന്നു എങ്കിലും അന്തിമ വിശേഷാൾ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും പരാതിക്കാർ വാദിക്കുകയുണ്ടായി.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായ സാഹചര്യത്തിൽ ആയതിനു വേണ്ടി തയ്യാറാക്കിയ സ്പെഷ്യൽ റൂളിൽ Rule 12 (3) പ്രകാരം നിലവിലുള്ള ജീവനക്കാർക്ക് Special provision ചുവടെ

ചേർക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

"The Special Rules in respect of different categories of posts presently existing in Extension Training Centers shall continue even after the commencement of these Rules till the last person retired from service."

തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത സ്പെഷ്യൽ റൂളിലാണ് പരാമർശിക്കുന്നത്. ഈ ചട്ടങ്ങളുടെ ഭേദഗതിയിലൂടെ മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. ഈ വിഷയം നിലവിൽ സർക്കാരിൽ പരിശോധിച്ചു വരികയാണ്. പരാതിക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിൽ നിലനിർത്തുക, നിലവിലെ ലക്ചറർമാരിൽ നിന്നും പ്രിൻസിപ്പൽ തസ്തികയിലേക്ക് പ്രമോഷൻ അനുവദിക്കുക എന്നീ ആവശ്യങ്ങളിൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. സെക്രട്ടറി തസ്തികയിലേക്ക് സമാന തസ്തികകൾക്കു മാത്രമെ ഇന്റർ ട്രാൻസ്ഫറബിലിറ്റി അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഇ.ടി.സി ലക്ചറർ തസ്തികയിലെ ശമ്പള സ്കെയിൽ ഗ്രേഡ് അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധനയിലാണ്. കിലയിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം,നിയമനം എന്നിവ സംബന്ധിച്ച് 24.02.2021ലെ സ.ഉ (കൈ) നം. 65/2021/തസ്വഭവ ലെ ഖണ്ഡിക 4 (2) ൽ പ്രതിപാദിക്കുന്ന രീതി കർശനമായി പാലിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർക്കും കില ഡയറക്ടർ ജനറലിനും നിർദ്ദേശം നൽകുന്നു.

മേൽപ്പറഞ്ഞ പ്രകാരം ശ്രീമതി. ഷബിന ബി മുതൽ പേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 1733/2021 നമ്പർ കേസിന്മേലുള്ള 12.09.2024ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

ശ്രീമതി. ഷബിന ബി, ലക്ചറർ ഗ്രേഡ് - 2, ഹോം സയൻസ്, കില എക്സ്റ്റൻഷൻ ട്രെയിനിങ് സെന്റർ, കൊട്ടാരക്കര, ഇ.റ്റി.സി പി.ഒ, കൊല്ലം - 691531.
ശ്രീ. മനോജ് ആർ.എസ്, ലക്ചറർ ഗ്രേഡ് - 2, റൂറൽ ഇക്കണോമിക്സ്, കില എക്സ്റ്റൻഷൻ ട്രെയിനിങ് സെന്റർ, കൊട്ടാരക്കര, ഇ.റ്റി.സി പി.ഒ, കൊല്ലം - 691531.
ശ്രീ. റെനിൽ റോക്കി, ലക്ചറർ ഗ്രേഡ് - 2, റൂറൽ ഇക്കണോമിക്സ്, കില എക്സ്റ്റൻഷൻ ട്രെയിനിങ് സെന്റർ, മണ്ണുത്തി, മണ്ണുത്തി പി.ഒ, തൃശ്ശൂർ - 680651.
ശ്രീ. ഷിഞ്ചു കുര്യൻ, ലക്ചറർ ഗ്രേഡ് - 2, സോഷ്യൽ എഡ്യൂക്കേഷൻ, കില എക്സ്റ്റൻഷൻ ട്രെയിനിങ് സെന്റർ, മണ്ണുത്തി, മണ്ണുത്തി പി.ഒ, തൃശ്ശൂർ - 680651.
ശ്രീ. റഷീദ് വി.പി, ലക്ചറർ ഗ്രേഡ് - 2, സോഷ്യൽ എഡ്യൂക്കേഷൻ, കില എക്സ്റ്റൻഷൻ ട്രെയിനിങ് സെന്റർ, കൊട്ടാരക്കര, ഇ.റ്റി.സി പി.ഒ, കൊല്ലം - 691531.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 11-07-2025 16:04:49
സെക്ഷൻ ഓഫീസർ